പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6964

10.07.2014 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ റീജിയണൽ ഓഫീസ്

| ചോദ്യം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കെ.ടി.ഡി.സി. നടത്തിയ ടാമറിൻഡ് ഈസി ഹോട്ടൽ പ്രവർത്തനം നിർത്തിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; | എ) | കെ.ടി.ഡി.സി. നടത്തിയിരുന്ന കാലടിയിലെ ടാമറിന്റ് ഈസി ഹോട്ടൽ ഒഴികെ മറ്റ് ടാമറിന്റ് ഈസി ഹോട്ടലുകളൊന്നും നിർത്തലാക്കിയിട്ടില്ല. കാലടിയിലെ ടാമറിന്റ് ഈസി ഹോട്ടൽ നഷ്ടത്തിലായതിനാലും പ്രസ്തുത സ്ഥാപനത്തിന്റെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിലേയ്ക്കായി എടുത്ത പരിശ്രമങ്ങൾ വിജയിക്കാത്തതിനാലുമാണ് കാലടിയിലെ ടാമറിന്റ് ഈസി ഹോട്ടലിന്റെ പ്രവർത്തനം നിർത്തലാക്കിയത്. |
| ബി) | കേരള വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ (കെ.ടി.ഡി.സി.) റീജിയണൽ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണെന്ന് വെളിപ്പെടുത്താമോ ; | ബി) | കെ.ടി.ഡി.സി. യുടെ റീജിയണൽ ഓഫീസുകൾ താഴെ പറയുന്ന സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്:<br>1. റീജിയണൽ ഓഫീസ് (സൗത്ത്),<br>കെ.ടി.ഡി.സി. കോർപ്പറേറ്റ് ഓഫീസ്,<br>വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം<br>2.റീജിയണൽ ഓഫീസ് (സെൻട്രൽ),<br>കെ.ടി.ഡി.സി. ലിമിറ്റഡ്, മറ്റൂർ, കൈപ്പട്ടൂർ റോഡ്, കാലടി<br>3.റീജിയണൽ ഓഫീസ് (നോർത്ത്),<br>കെ.ടി.ഡി.സി. ലിമിറ്റഡ്, മലബാർ മാൻഷൻ, എസ്.എം.സ്ട്രീറ്റ്, കോഴിക്കോട് |
| സി) | മേനക ജംഗ്ഷനിലെ ഷോപ്പിംങ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന റീജിയണൽ ഓഫീസ് കാലടിയിലെ ഹോട്ടൽ കെട്ടിടത്തിലേക്ക് മാറ്റിയത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കാമോ ; ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഏത് തീയതിയിലാണെന്ന് വ്യക്തമാക്കുമോ; | സി) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കി പണിയുന്നതിനും കൂടുതലായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചതുകൊണ്ടാണ്.<br>ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 08.05.2014 ലാണ്. |
| ഡി) | ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഒരു ഉന്നത ഉദ്യോഗസ്ഥനും സംഘത്തിനുമുള്ള രാഷ്ട്രീയ സ്വാധീനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) | ഇല്ല |
| ഇ) | ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, കോട്ടയം ജില്ലകളിലെ കെ.ടി.ഡി.സി. പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള ഓഫീസ് തിരികെ മേനക ജംഗ്ഷനിലെ ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ? | ഇ) | പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പിംഗ് ഏരിയ വികസിപ്പിച്ചതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ